# 'ഉള്ളങ്ങളെ അറിയുന്ന ദൈവം'

## യിരെമ്യാവ് 17:9

"ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്, അത് ആരാഞ്ഞറിയുന്നവൻ ആര്?"

സൃഷ്ടിയുടെ മകുടമായ മനുഷ്യന്, എല്ലാ കഴിവുകളും സൃഷ്ടാവ് നൽകി അവനെ സൃഷ്ടിച്ചുവെങ്കിലും ഒരുവന് മറ്റൊരുവന്റെ ഹൃദയത്തിലുള്ളത് മനസ്സിലാക്കാനുള്ള കഴിവ് മാത്രം നൽകിയില്ല. യഥാർത്ഥമായി അത് ആരാഞ്ഞറിയുന്നവൻ ദൈവം ഒരുവൻ മാത്രമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. അതു കൊണ്ട് തന്നെ മനുഷ്യൻ ഹൃദയത്തിൽ ഒന്ന് നിരൂപിക്കുകയും വാക്കിനാൽ മറ്റൊന്ന് പറയുകയും പ്രവൃത്തിയിൽ ഇതുമായി യാതൊരു ബന്ധമില്ലാത്ത കാര്യങ്ങൾ പ്രവൃത്തിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യന് ഇതു മനസ്സിലാക്കാൻ കഴിയില്ലെങ്കിലും യഹോവയായ ദൈവം ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തനും അവനവന്റെ നടപ്പിനും പ്രവൃത്തിക്കും തക്കവണ്ണം പ്രതിഫലം കൊടുക്കുന്നു. അവന്റെ മുന്നിൽ ഒന്നും മറവായിരിക്കുന്നില്ല. അതുകൊണ്ടാണ് വചനം നമ്മെ ഓർമ്മിപ്പിക്കുന്നത് 'നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്' എന്ന്.

ഈ ഒരു ചിന്ത നമ്മുടെ ഹൃദയത്തിൽ എപ്പോഴും ഉണ്ടാവണം. നമ്മുടെ ചിന്തകളും, വാക്കുകളും, പ്രവൃത്തിയും ഒന്നായിരിക്കണം. മാത്രമല്ല അത് ദൈവത്തിന് പ്രസാദമുള്ളവയും ആയിരിക്കണം. മനുഷ്യന് മാത്രമെ ചിരിച്ചുകൊണ്ട് മറ്റൊരാളെ ഉപദ്രവിക്കാനും കൊല്ലാനുമൊക്കെ സാധിക്കുകയുള്ളൂ. മറ്റേതു ജീവിയും തന്റെ വികാരത്തെ മുഖഭാവത്തിലൂടെ പ്രകടിപ്പിക്കുമ്പോൾ മനുഷ്യൻ ദേഷ്യം കടിച്ചമർത്തി പുഞ്ചിരിക്കാൻ ശ്രമിക്കുന്നു. ഉള്ളിൽ ശപിക്കുമ്പോഴും നാവിനാൽ അനുഗ്രഹിക്കുന്നു. ഉദ്ദേശ്യശുദ്ധിയില്ലെങ്കിലും പ്രവൃത്തിയിൽ ശുദ്ധത വരുത്താൻ ശ്രമിക്കുന്നു. എന്നാൽ ഇത് ആർക്ക് വേണ്ടി? എന്തിനു വേണ്ടി? മനുഷ്യന്റെ മുന്നിൽ വിളങ്ങാൻ വേണ്ടിയെങ്കിൽ നമുക്ക് തെറ്റി. ഹൃദയപരമാർത്ഥത ആഗ്രഹിക്കുന്ന ഒരു പിതാവിന്റെ മക്കളായ നാമും അവനെ പോലെ യഥാർത്ഥ സ്നേഹത്തിന്റെ പ്രതീകങ്ങളാവണം.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നമ്മെ അതിലേക്ക് നയിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 139:23–24

"ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ."

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 027